ഫെസ്റ്റിവൽ വിന്നേഴ്സ് വിഭാഗത്തിൽ ഒൻപത് ചിത്രങ്ങൾ

ലോകത്തെ മുൻനിര ചലച്ചിത്രമേളകളിൽ അംഗീകാരങ്ങൾ വാരിക്കൂട്ടിയ ചിത്രങ്ങൾ തെരഞ്ഞെടുത്ത് 16മത് ഐ.ഡി.എസ്.എഫ്.എഫ്.കെ ഒരുക്കിയ ഫെസ്റ്റിവൽ വിന്നേഴ്സ് വിഭാഗത്തിൽ ഒൻപത് ചിത്രങ്ങൾ പ്രദർശിപ്പിക്കും.
76ാമത് കാൻ മേളയിൽ മികച്ച ഹ്രസ്വചിത്രത്തിനുള്ള പാംദോർ പുരസ്കാരം ലഭിച്ച 'ദ മാൻ ഹൂ കുഡിന്റ് റിമൈൻ സയലന്റ്', കാൻ ചലച്ചിത്രമേളയിൽ അൺ സെർട്ടെയ്ൻ റിഗാർഡ് വിഭാഗത്തിൽ മികച്ച സംവിധായകനുള്ള അവാർഡ് അസ്മേ എൽ മൊയ്ത്തിറിന് നേടിക്കൊടുത്ത 'ദ മദർ ഓഫ് ഓൾ ലൈസ്', 74ാമത് ബെർലിൻ ചലച്ചിത്രമേളയിൽ മികച്ച ഹ്രസ്വചിത്രത്തിനുള്ള ഗോൾഡൻ ബെയർ പുരസ്കാരം ലഭിച്ച 'ഏൻ ഓഡ് ടേൺ', ക്രിസ്റ്റൽ ബെയർ പുരസ്കാരം നേടിയ സ്പാനിഷ് ചിത്രം 'കുറ സന', സിൽവർ ബെയർ ലഭിച്ച ചൈനീസ് ചിത്രം 'റീമെയ്ൻസ് ഓഫ് ദി ഹോട്ട് ഡേ', ജൂറിയുടെ പ്രത്യേകപരാമർശം ലഭിച്ച 'ജർമ്മൻ ചിത്രം ദാറ്റ്സ് ഓൾ ഫ്രം മി' അന്താരാഷ്ട്ര ജൂറിയുടെ സ്പെഷ്യൽ പ്രൈസ് ലഭിച്ച 'എ സമ്മേഴ്സ് ഏൻഡ് പോയം ' വെനീസ് മേളയിൽ മികച്ച ഡോക്യുമെന്ററിക്ക് നാമനിർദേശം ചെയ്യപ്പെട്ട 'ഹോളിവുഡ് ഗേറ്റ്', ടിബെക്ക ഫെസ്റ്റിവലിൽ മികച്ച നവാഗത ഡോക്യുമെന്ററി സംവിധാനത്തിനുള്ള അവാർഡ് നിക്കോൾ ഗോർമെലി, ദെബ്ര അറോക്കോ എന്നിവർക്കു നേടിക്കൊടുത്ത 'സേർച്ചിംഗ് ഫോർ അമാനി' തുടങ്ങിയ ചിത്രങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
കാൻ മേളയിൽ മികച്ച ഹ്രസ്വചിത്രത്തിനുള്ള പാംദോർ പുരസ്കാരം ലഭിച്ച 'ദി മാൻ ഹൂ കുഡ് നോട്ട് റിമൈൻ സൈലന്റ് ' സംവിധാനം ചെയ്തിരിക്കുന്നത് നെബൊജ്ശ സ്ളിജെപ്ചെവിചാണ്. 1993-ല് ബോസ്നിയ-ഹെർസഗോവിനയിലെ  വംശീയ ഉന്മൂലന പ്രവർത്തനത്തിന്റെ ഭാഗമായി അർദ്ധസൈനിക സേന ഒരു പാസഞ്ചർ ട്രെയിൻ തടയുകയും നിരപരാധികളായ സാധാരണക്കാരെ വലിച്ചിഴയ്ക്കുകയും ചെയ്യുമ്പോൾ 500 യാത്രക്കാരിൽ ഒരാൾ ധീരമായി അവർക്കെതിരെ പോരാടുന്നതാണ് ഈ ചിത്രത്തിന്റെ ഇതിവൃത്തം. ക്രൊയേഷ്യൻ, സെർബിയൻ ഭാഷകളിലാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.